**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1431** **18-01-2021 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ജോയി | | **Shri E. Chandrasekharan**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ നിലവിൽ പ്രവർത്തിക്കുന്നില്ല. ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ 31/12/2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 21.03.2019-ലെ സ.ഉ.(കൈ)3/2019/ഭവനം പ്രകാരം ടി സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ഉത്തരവായിരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും വ്യക്തിഗത ഭവനനിർമ്മാണത്തിന് വായ്പകൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ പരമാവധി എത്ര രൂപയെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും വായ്പകളൊന്നും അനുവദിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ

**ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ 31.12.2016 ഉച്ചയ്ക്ക് 12.45 ന് കെ.എസ്.എച്ച്.ഡി.എഫ്.സി.യെ കുറിച്ച് ചർച്ചചെയ്യുന്നതിന് വിളിച്ചുചേർത്ത യോഗത്തിന്റെ നടപടി കുറിപ്പ്**

കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ ദൈനദിനകാര്യങ്ങളും ഭാവികാര്യങ്ങളും ചർച്ചചെയ്യുന്നതിന് ചീഫ് സെക്രട്ടറി ശ്രീ. എം.എസ്. വിജയാനന്ദ് ഐ.എ.എസ്.ന്റെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ ചേമ്പറിൽ 31.12.2016 ഉച്ചയ്ക്ക് 12.45 ന് യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. പി.എച്ച്. കുര്യൻ. ഐ.എ.എസ്., ഹൗസിംഗ് കമ്മീഷണറും കെ.എസ്.എച്ച്.ഡി.എഫ്.സി. സ്പെഷ്യൽ ഓഫീസറുമായ ശ്രീ. കെ.എൻ. സതീഷ്. ഐ.എ.എസ്., ഹൗസിംഗ് കമ്മീഷണറേറ്റിലെ ചീഫ് പ്ലാനർ ശ്രീ. അലക്സ്. റ്റി. ജോസഫ്, കമ്പനി സെക്രട്ടറി ശ്രീ. ഹരികൃഷ്ണൻ ആർ. നായർ എന്നിവർ സന്നിഹിതരായിരുന്നു.

കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ സ്പെഷ്യൽ ഓഫീസറായി ചാർജ്ജെടുത്ത ശ്രീ. കെ.എൻ. സതീഷ്. ഐ.എ.എസ്. കമ്പനിയെ കുറിച്ചൊരു ലഘുവിവരണം അവതരിപ്പിച്ചു.

2011-ലെ സംസ്ഥാന പാർപ്പിടനയത്തിൽ പൊതുമേഖലയിൽ ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കണമെന്ന് വിഭാവന ചെയ്തതു കൊണ്ടും, സംസ്ഥാന സർക്കാരിന്റെ ഭവന പദ്ധതികൾക്ക് ഹഡ്കോയിൽ നിന്നും വായ്പ ലഭിയ്ക്കാത്ത സാഹചര്യത്തിൽ ഇപ്പോഴത്തെ പ്രതിസന്ധി തരണം ചെയ്യുന്നതിനായി നാഷണൽ ഹൗസിംഗ് ബാങ്കിൽ നിന്നും മറ്റ് വിവിധ ധനാഗമമാർഗ്ഗങ്ങളിലൂടെയും കുറഞ്ഞ നിരക്കിലുള്ള ഫണ്ട് കണ്ടെത്തി ന്യായമായ പലിശ നിരക്കിൽ സംസ്ഥാനത്തെ വിവിധ ഭവന നിർമ്മാണ ഏജൻസികൾക്കും വ്യക്തികൾക്കും ഭവന വായ്പ ലഭ്യമാക്കുന്നതിനുവേണ്ടി രൂപീകരിച്ചതാണ് കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനെന്ന്, കമ്പനിരൂപീകരണ പശ്ചാത്തലം വ്യക്തമാക്കികൊണ്ട് സ്പെഷ്യൽ ഓഫീസർ യോഗത്തെ അറിയിച്ചു.

1956-ലെ കമ്പനീസ് ആക്ട് പ്രകാരം 19.07.2013-ന് രജിസ്ട്രാർ ഓഫ് കമ്പനീസ്, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിക്കുന്നതിന് അംഗീകാരം നൽകുകയും, 13.08.2013-ൽ ഡയറക്ടർ ബോർഡിന്റെ ആദ്യയോഗം കൂടിയതായും പറയുകയുണ്ടായി.

23.02.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 6/2013/ഭവനം പ്രകാരം കമ്പനിയുടെ ഡയറക്ടർ ബോർഡിൽ 8 ഡയറക്ടർമാരിൽ, 4 പേർ ഔദ്യോഗിക ഡയറക്ടർമാരും, 4 പേർ അനൗദ്യോഗിക ഡയറക്ടർമാരുമാണ്. അനൗദ്യോഗിക ഡയറക്ടർമാരിൽ ഒരാളായ ശ്രീ. എം.കെ. തോമസ്കുട്ടി ചെയർമാനും, ഔദ്യോഗിക അംഗങ്ങളായ ശ്രീ. ജിജി തോംസൺ. ഐ.എ.എസ് - ചീഫ് സെക്രട്ടറി, ശ്രീ. ജെയിംസ് വർഗ്ഗീസ്. ഐ.എ.എസ്. - ഭവന നിർമ്മാണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. കെ.ആർ. പ്രസന്നൻ - നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി, ശ്രീമതി. പി. ജയലക്ഷ്മി - ജോയിന്റ് സെക്രട്ടറി ധനകാര്യവകുപ്പ്

എന്നിവരും, അനൗദ്യോഗിക അംഗങ്ങളായ ശ്രീ. ബാബു ജോസഫ്, ശ്രീ. സി.ആർ. സുനു എന്നിവരുമാണ് ഭരണമാറ്റത്തിനുമുൻപുള്ള നിലവിലെ അംഗങ്ങൾ.

23.03.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 6/2013/ഭവനം പ്രകാരം മെമ്മോറണ്ടം ഓഫ് അസോസിയേഷനും, ആർട്ടിക്കിൾ ഓഫ് അസോസിയേഷനും സർക്കാർ അംഗീകാരം നൽകുകയും കമ്പനിയുടെ paid of share capital 5 ലക്ഷം രൂപയും, authorised share capital 10 കോടി രൂപയുമായി നിജപ്പെടുത്തുകയും ഒരു ഷെയറിന് 10 രൂപ നിരക്കിൽ 5 ലക്ഷം രൂപയുടെ 50000 ഷെയറുകൾ കേരള ഗവർണറെ പ്രതിനിധാനം ചെയ്ത് ചീഫ് സെക്രട്ടറിയ്ക്കും മറ്റ് ഔദ്യോഗിക അംഗങ്ങൾക്കുമായി 13.08.2013-ലെ ഡയറക്ടർ ബോർഡ് ഷെയറുകൾ അലോട്ടുചെയ്യുകയും ചെയ്തു. ഇപ്പോൾ 1 കോടി 5 ലക്ഷം രൂപയുടെ 10,50,000 രൂപയുടെ ഷെയറുകളാണ് ആകെ അലോട്ടുചെയ്തിട്ടുള്ളത്. സർക്കാരിൽ നിന്നും ലഭിച്ച 10.27 കോടി രൂപയിൽ ഇനി 9.22 കോടി രൂപയുടെ ഷെയറുകൾ അലോട്ട് ചെയ്യേണ്ടതായുണ്ട്. സർക്കാർ അംഗീകരിച്ച AOA, MOA പ്രകാരം കമ്പനിയ്ക്ക് ലഭിച്ച 10.27 കോടിയുടെ ഷെയറുകൾ അലോട്ട് ചെയ്യണമെങ്കിൽ authorised share capital 10.5 കോടി രൂപയായി ഉയർത്തേണ്ടതിനാൽ സർക്കാർ 11.08.2015-ലെ (എം.എസ്.)20/2015/ഭവനം ഉത്തരവു പ്രകാരം അംഗീകാരം നൽകിയെങ്കിലും ഓഹരി ഉടമകളുടെ അനുമതി ആവശ്യമായതിനാൽ വാർഷിക പൊതുയോഗം കോറം തികയാത്തതിനാൽ മാറ്റിവയ്ക്കുകയുണ്ടായി.

ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരത്തെ കെട്ടിടസമുച്ചയത്തിലെ ഒന്നാം നിലയിൽ 486 ചതുരശ്ര അടി (ഓഫീസ് സ്ഥലം) വാടകയ്ക്ക് എടുത്ത് നവീകരിച്ചാണ് കമ്പനി പ്രവർത്തിക്കുന്നത്. കമ്പനിയുടെ ആദ്യയോഗം 13.08.2013 ലും, 11-ാമത് യോഗം 13.04.2016 ലും കൂടുകയുണ്ടായി. ആകെ രണ്ട് വാർഷിക പൊതുയോഗമാണ് നടന്നത്. അവസാനത്തെ വാർഷിക പൊതുയോഗം 30.09.2015 ലാണ് കൂടിയത്. നാഷണൽ ഹൗസിംഗ് ബാങ്കിൽ നിന്നും പ്രവർത്തനത്തിനുള്ള രജിസ്ട്രേഷൻ വാങ്ങിയതിനുശേഷം ഉദ്ഘാടനം ചെയ്യാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചിരുന്നെങ്കിലും തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ മാറ്റിവയ്ക്കുകയാണുണ്ടായത്.

സർക്കാർ ഉത്തരവുപ്രകാരം ഷെയർ കാപ്പിറ്റൽ 10 കോടിയിൽ നിന്നും 10.5 കോടി രൂപയായി ഉയർത്തുന്നതിന് ഓഹരി ഉടമകളുടെ യോഗം വിളിച്ച് അംഗീകരിക്കേണ്ടതുണ്ട്. കമ്പനിയുടെ 2013-14, 2014-15 വാർഷിക കണക്ക് വാർഷിക ജനറൽ ബോഡിയോഗത്തിൽ തീർപ്പ് കല്പിക്കേണ്ടതും, MCA 21 Portal യഥാസമയം ഫയൽ ചെയ്തില്ലെങ്കിൽ കമ്പനി വൻതുക പിഴയായി നൽകേണ്ടിയുംവരും. കൂടാതെ 2015-16 വാർഷിക കണക്ക് ബോർഡ് യോഗത്തിൽ അംഗീകരിക്കേണ്ടതും, ഭവന നിർമ്മാണ ബോർഡിൽ നിന്നും ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി എടുത്ത സ്ഥലത്തിന്റെ കരാർ കാലാവധി 2017 ഫെബ്രുവരി 15 ഓടുകൂടി അവസാനിക്കുന്നതിനാൽ കരാർ പുതുക്കുന്നതിന് ഡയറക്ടർ ബോർഡിന്റെ അംഗീകാരം ആവശ്യമായിട്ടുണ്ട്. എന്നാൽ ഭരണമാറ്റത്തെ തുടർന്ന് അനൗദ്യോഗിക അംഗങ്ങൾ പിരിഞ്ഞുപോകുകയും, ഔദ്യോഗിക അംഗങ്ങളിൽപലരും വിരമിക്കുകയും സ്ഥാനമാറ്റങ്ങൾ സംഭവിക്കുകയും ചെയ്തതിനാൽ ഡയറക്ടർ ബോർഡ് യോഗം കൂടി മേൽ കാര്യങ്ങൾ അംഗീകരിക്കാൻ

കഴിയുന്നില്ല. ആയതിനാൽ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിക്കുന്നതിനുവേണ്ടി ഈ ഓഫീസിലെ 19.12.2016 ലെ 1/Gen/KSHDFC/2011-ാം നമ്പർ കത്തുപ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചതായി സ്പെഷ്യൽ ഓഫീസർ പറയുകയുണ്ടായി. സർക്കാരിൽ നിന്നും ലഭിച്ച 10.27 കോടി രൂപയിൽ ഇതുവരെയുള്ള ചെലവുകൾ (23,89,835 രൂപ) കഴിഞ്ഞ് ബാക്കി 10,03,10,165 രൂപ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടെന്നും സ്പെഷ്യൽ ഓഫീസർ യോഗത്തിൽ വിവരിച്ചു.

**കെ.എസ്.എച്ച്.ഡി.എഫ്.സി. സ്പെഷ്യൽ ഓഫീസറുടെ മേൽവിവരണം യോഗം നിരീക്ഷിക്കുകയും വിശദമായ ചർച്ചകൾക്കുശേഷം താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.**

(1) **കമ്പനിയുടെ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിക്കുക**

ഭരണമാറ്റത്തെ തുടർന്ന് അനൗദ്യോഗിക അംഗങ്ങൾ പിരിഞ്ഞുപോകുകയും, ഔദ്യോഗിക അംഗങ്ങളിൽ പലരും വിരമിക്കുകയും സ്ഥാനമാറ്റങ്ങൾ സംഭവിക്കുകയും ചെയ്തതിനാൽ കമ്പനിയുടെ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു. മേൽ തീരുമാനം നടപ്പാക്കുന്നതിനുവേണ്ടി കമ്പനിയുടെ സ്പെഷ്യൽ ഓഫീസറായ ശ്രീ. കെ.എൻ. സതീഷ്. ഐ.എ.എസ്.നെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

(2) **കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിക്കുക**

കമ്പനിയുടെ ഭാവിപ്രവർത്തനത്തെക്കുറിച്ച് സന്നിഹിതരായ ഉദ്യോഗസ്ഥർ വിശദമായി ചർച്ചചെയ്യുകയും ഇന്നത്തെ സാഹചര്യത്തിൽ ഇങ്ങനെയൊരു കമ്പനിയുടെ ആവശ്യകതയില്ലെന്ന് വിലയിരുത്തുകയും, തുടർന്ന് കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് സർക്കാരിന്റെ അംഗീകാരം ലഭിയ്ക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു. മേൽതീരുമാനം നടപ്പിലാക്കുന്നതിനുവേണ്ടി കെ.എസ്.എച്ച്.ഡി.എഫ്.സി. സ്പെഷ്യൽ ഓഫീസറായ ശ്രീ. കെ.എൻ. സതീഷ്. ഐ.എ.എസ്.നെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 1.30ന് പിരിഞ്ഞു.

**ചീഫ് സെക്രട്ടറി**

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവന നിർമ്മാണ വകുപ്പ്- കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിച്ച് ഓഹരികൾ തിരികെ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവന നിർമ്മാണ (ബി) വകുപ്പ്

സ.ഉ.(കൈ) നം.3/2019/ഭവനം തീയതി,തിരുവനന്തപുരം, 21/03/2019

പരാമർശം:- 1 സ ഉ (കൈ) നം.21/2012/ഭവനം തീയതി 09/03/2012.
2 സ.ഉ (കൈ) നം.06/2013/ഭവനം തീയതി 23/02/2013
3 കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ സ്പെഷ്യൽ ഓഫീസറുടെ 09/04/2018 ലെ 1/Gen/KSHDFC/2011 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ പരാമർശം (1) പ്രകാരം രൂപീകരിച്ചു. കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം 19/07/2013-ന് രജിസ്ട്രാർ ഓഫ് കമ്പനീസ്, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിക്കുന്നതിന് അംഗീകാരം നൽകി. കമ്പനിയുടെ Paid-up share capital 5 ലക്ഷം രൂപയും, authorised share capital 10 കോടി രൂപയുമായി നിജപ്പെടുത്തുകയും ഒരു ഷെയറിന് 10 രൂപ നിരക്കിൽ 5 ലക്ഷം രൂപയുടെ 50,000/- ഷെയറുകൾ കേരള ഗവർണറെ പ്രതിനിധാനം ചെയ്ത് ചീഫ് സെക്രട്ടറിയ്ക്കും മറ്റ് ഔദ്യോഗിക അംഗങ്ങൾക്കുമായി 13/8/2013-ലെ ഡയറക്ടർ ബോർഡ് അലോട്ട് ചെയ്തു.

ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ 31.12.2016-ൽ കൂടിയ യോഗത്തിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ ഭാവി പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ഇന്നത്തെ സാഹചര്യത്തിൽ ഇങ്ങനെയൊരു കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് സർക്കാരിന്റെ അംഗീകാരം അഭ്യർത്ഥിക്കുവാൻ തീരുമാനിക്കുകയും ഇക്കാര്യത്തിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു.

പരാമർശം (3) പ്രകാരം കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചിട്ട് ഏകദേശം 5 വർഷം പൂർത്തിയാകുന്ന അവസ്ഥയിൽ കാര്യമായ ഒരു ബിസിനസ്സും ഇതുവരെ നടത്തിയിട്ടില്ല. കൂടാതെ നിലവിൽ ഒരു ജീവനക്കാരനെ നിയമിച്ച് ഹോണറേറിയം നൽകി വരുന്നതിനാലും പ്രത്യേക നടപടികളോ, പൊതുതാല്പര്യമോ ഇല്ലാതെ തന്നെ അനാവശ്യ ചെലവ് വരുത്താൻ ഇടയാക്കുന്ന ടി കമ്പനി നിലനിർത്തേണ്ടതില്ല എന്ന് അറിയിച്ചുകൊണ്ട് കമ്പനി പിരിച്ചു വിടുന്നതിനും ഓഹരികൾ തിരികെ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ സ്പെഷ്യൽ ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശം പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാലും ഈ കമ്പനി നിലനിർത്തി കൊണ്ട് പോകുന്നത് അനാവശ്യ ചെലവ് ഉണ്ടാക്കുന്നതിനാലും കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിച്ച് ഓഹരികൾ തിരികെ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കു ന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

7

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ:വിശ്വാസ് മേത്ത
അഡീഷണല് ചീഫ് സെക്രട്ടറി

സെക്രട്ടറി, ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം

ഹൗസിംഗ് കമ്മീഷണർ , തിരുവനന്തപുരം

സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ് മെന്റ് ഫിനാൻസ് കോർപ്പറേഷൻ

ധനകാര്യ (പി.യു.സി) വകുപ്പ്) (PUC3/71/2018-FIN dated 03/07/2018)

നിയമ വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള , തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ)

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by SUBHAS
Date: 2019.02.22 13:47:47 IST
Reason: Approved

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>പകർപ്പ്:</u>

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്

ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എസ്സ്